**March – 2008** Reg. No. : ..................................... **G-3028**

Name : ......................................

Part-III

# POLITICAL SCIENCE

Maximum : 80 Scores

Time : 2 ½ Hours
Cool-off time : 15 Minutes

***General Instructions to candidates :***

- There is a 'cool-off time' of 15 minutes in addition to the writing time of 2 ½ hrs.
- You are not allowed to write your answers nor to discuss anything with others during the 'cool-off time'.
- Use the 'cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- All questions are compulsory and only internal choice is allowed.
- When you select a question, all the sub-questions must be answered from the same question itself.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.

**നിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും. ഈ സമയത്ത് ചോദ്യങ്ങൾക്ക് ഉത്തരം എഴുതാനോ, മറ്റുള്ളവരുമായി ആശയ വിനിമയം നടത്താനോ പാടില്ല.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഒരു ചോദ്യനമ്പർ ഉത്തരമെഴുതാൻ തെരഞ്ഞെടുത്തു കഴിഞ്ഞാൽ ഉപചോദ്യങ്ങളും അതേ ചോദ്യനമ്പരിൽ നിന്ന് തന്നെ തെരഞ്ഞെടുക്കേണ്ടതാണ്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തര പേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്. .

Edubox Your Desktop Tutor

1. Observe the table. In Part 'A' of the table, there are four statements representing four different conceptions of Law. Complete Part 'B' with appropriate conceptions given in the list.

| | A | B |
|---|---|---|
| (1) | Law represents class interest | |
| (2) | Laws embody fundamental truth about processes of nature. | |
| (3) | Laws are rules of conduct in a definite community. | |
| (4) | Law for its existence depends on its moral validity | |

(i) Normative Concept of Law

(ii) Marxian Concept of Law

(iii) Positivist Concept of Law

(iv) Moral Concept of Law (2)

ടേബിൾ ശ്രദ്ധിക്കുക. 'എ' പാർട്ടിൽ കൊടുത്തിരിക്കുന്നത് നിയമത്തിന്റെ നാല് വ്യത്യസ്താശയങ്ങളെ പ്രതിനിധീകരിക്കുന്ന പ്രസ്താവനകളാണ്. ഇവ ഓരോന്നിനും യോജിച്ചത് താഴെ കൊടുത്തിട്ടുള്ള ലിസ്റ്റിൽ നിന്നും തെരഞ്ഞെടുത്ത് 'ബി' പാർട്ട് പൂർത്തിയാക്കുക.

| | എ | ബി |
|---|---|---|
| (1) | വർഗ്ഗ താല്പര്യത്തെയാണ് നിയമം പ്രതിനിധാനം ചെയ്യുന്നത്. | |
| (2) | പ്രകൃതി പ്രക്രിയയുടെ മൗലികമായ സത്യത്തെയാണ് നിയമം ഉൾക്കൊള്ളുന്നത്. | |
| (3) | ഒരു നിശ്ചിത സമൂഹത്തിലെ പെരുമാറ്റ സംഹിതയാണ് നിയമം. | |
| (4) | നിയമം നിലനില്ക്കണമെങ്കിൽ അതിന് ധാർമ്മികതയുടെ പിൻബലമുണ്ടാകേണ്ടതുണ്ട്. | |

(i) നിയമത്തിന്റെ ആദർശപരമായ കാഴ്ചപ്പാട്

(ii) നിയമത്തിന്റെ മാർക്സിസ്റ്റ് കാഴ്ചപ്പാട്

(iii) നിയമത്തിന്റെ പരിനിഷ്ഠമായ (Positivist) കാഴ്ചപ്പാട്

(iv) നിയമത്തിന്റെ ധാർമ്മികമായ കാഴ്ചപ്പാട്

2. Observe the statements below :

(i) Liberty to participate in the affairs of the State.

(ii) Liberty to get all the basic needs of sustenance-satisfied.

(iii) Liberty to pursue autonomy and free articulation of faculties without any fear of compulsion from the majority or minority fanaticism.

(iv) Liberty to develop and exercise all the virtues of love, sacrifice, friendship and sympathy.

The above four statements express four kinds of liberty. Identify them.

(A) Moral

(B) Political

(C) Economic

(D) Social (2)

താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ നിരീക്ഷിക്കുക.

(i) രാഷ്ട്രകാര്യങ്ങളിൽ പങ്കാളിയാകുവാനുള്ള സ്വാതന്ത്ര്യം.

(ii) നിലനില്പിനാവശ്യമായ അടിസ്ഥാനാവശ്യങ്ങൾ ലഭ്യമാകുവാനുള്ള സ്വാതന്ത്ര്യം.

(iii) ന്യൂനപക്ഷ-ഭൂരിപക്ഷ മൗലികതകളോട് ഭയമോ, പ്രേരണകളോ ഇല്ലാതെ സ്വതന്ത്രമായി കഴിവുകൾ വളർത്തിയെടുക്കുവാനും അനുവർത്തിക്കുവാനുമുള്ള അവസരം.

(iv) സ്നേഹം, ത്യാഗം, സൗഹൃദം, ദയ തുടങ്ങിയ മൂല്യങ്ങൾ വളർത്തിയെടുക്കു-വാനും പ്രയോഗിക്കുവാനുമുള്ള സ്വാതന്ത്ര്യം.

നാലു തരത്തിലുള്ള സ്വാതന്ത്ര്യമാണ് (liberty) മുകളിൽ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ പ്രതിനിധാനം ചെയ്യുന്നത്. അവ തരം തിരിച്ചെഴുതുക :

(A) ധാർമ്മികം

(B) രാഷ്ട്രീയം

(C) സാമ്പത്തികം

(D) സാമൂഹ്യം

3. A few of the features of Liberal and Marxist conceptions of Equality are given below :

Identify them and put them in the form of a table.

(i) Emphasis on Economic Equality.

(ii) Emphasis on Political Equality.

(iii) Political Decentralization.

(iv) Nationalization of all wealth.

(v) Real Equality can persist only in a Classless Society

(vi) Both Political and Economic Decentralization.

(vii) Inequality is a natural phenomenon.

(viii) Inequality is an inevitable part of Society (4)

Edubox Your Desktop Tutor

'സമത്വം' (equality) ത്തിന്റെ ഉദാര സമീപനവും (liberalism) മാർക്സിസ്റ്റ് സമീപനവും വിഭാവനം ചെയ്യുന്ന സ്വഭാവ വിശേഷങ്ങൾ താഴെ കൊടുത്തിരിക്കുന്നു. അവയെ തിരിച്ചറിയുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു പട്ടികയുണ്ടാക്കുകയും ചെയ്യുക.

(i) സാമ്പത്തിക സമത്വത്തിന് മുൻതൂക്കം.

(ii) രാഷ്ട്രീയ സമത്വത്തിന് മുൻതൂക്കം.

(iii) രാഷ്ട്രീയമായ വികേന്ദ്രീകരണം.

(iv) സ്വത്തിന്റെ ദേശസാൽക്കരണം.

(v) യഥാർത്ഥ സമത്വം ഒരു വർഗ്ഗരഹിത സമൂഹത്തിലെ സാധ്യമാകൂ.

(vi) രാഷ്ട്രീയവും സാമ്പത്തികവുമായ വികേന്ദ്രീകരണം.

(vii) അസമത്വം ഒരു പ്രകൃതിദത്തമായ പ്രതിഭാസമാണ്.

(viii) അസമത്വം ഏതൊരു സമൂഹത്തിന്റെയും അനിവാര്യമായ ഭാഗമാണ്.

4. The following are different meanings given by different persons/schools to the concept of 'Dharma'. Identify them with the help of the list of answers given below.

(i) Dharma means 'Upkar'.

(ii) Dharma means 'My station and its duties'.

(iii) Dharma means 'Comparison for fellow human beings'.

(iv) Dharma means 'Nishkamakarma'.

Ans :

(A) Bhagawat Gita

(B) Manu

(C) Western Conception

(D) Gandhiji (2)

Edubox
Your Desktop Tutor

വിവിധ വ്യക്തികൾ/ചിന്താഗതികൾ 'ധർമ്മ'ത്തെ വ്യാഖ്യാനിക്കുന്നതിന്റെ സൂചനകളാണ് താഴെ കൊടുത്തിട്ടുള്ളത്. അവ ഏതെല്ലാം വ്യക്തികളുടെ/ചിന്താഗതികളുടെ എന്ന് തിരിച്ചറിയുക.

(i) ധർമ്മമെന്നാൽ 'ഉപകാർ' (Upkar)

(ii) ധർമ്മമെന്നാൽ 'എന്റെ സ്ഥാനവും എന്റെ കർത്തവ്യവും'

(iii) ധർമ്മമെന്നാൽ 'സഹജീവികളോട് ദയയും കാരുണ്യവും'

(iv) ധർമ്മമെന്നാൽ 'നിഷ്ക്കാമ കർമ്മം'

Ans.

(A) ഭഗവദ് ഗീത

(B) മനു

(C) പാശ്ചാത്യ കാഴ്ചപ്പാട്

(D) ഗാന്ധിജി

5. Examine the table given below. It is wrongly arranged. Write in proper form.

**Human Rights**

| 1st Generation Rights | 2nd Generation Rights | 3rd Generation Rights |
|---|---|---|
| Security oriented rights – social, economic and cultural security. | Civil and Political Rights of the individuals-life, liberty etc. | Rights of International nature – Self determination and Development |

Answer

| 1st Generation Rights | 2nd Generation Rights | 3rd Generation Rights |
|---|---|---|
| | | |

(3)

പട്ടിക പരിശോധിക്കുക. അത് തെറ്റായ രീതിയിലാണ് ക്രമീകരിച്ചിട്ടുള്ളത്. ശരിയായ രീതിയിൽ എഴുതുക.

**മനുഷ്യാവകാശങ്ങൾ**

| ഒന്നാം തലമുറ അവകാശങ്ങൾ | രണ്ടാം തലമുറ അവകാശങ്ങൾ | മൂന്നാം തലമുറ അവകാശങ്ങൾ |
|---|---|---|
| സുരക്ഷിതത്വത്തിൽ ഊന്നിക്കൊണ്ടുള്ള അവകാശങ്ങൾ – സാമൂഹ്യ, സാമ്പത്തിക സാംസ്ക്കാരിക സുരക്ഷിതത്വം | സാമൂഹ്യ രാഷ്ട്രീയ അവകാശങ്ങൾ – വ്യക്തിയുടെ ജീവൻ, സ്വാതന്ത്ര്യം തുടങ്ങിയവ | അന്താരാഷ്ട്രീയ സ്വഭാവമുള്ള അവകാശങ്ങൾ – നിശ്ചയ ദാർഢ്യം, വികസനം തുടങ്ങിയവ |

Answer

| ഒന്നാം തലമുറ അവകാശങ്ങൾ | രണ്ടാം തലമുറ അവകാശങ്ങൾ | മൂന്നാം തലമുറ അവകാശങ്ങൾ |
|---|---|---|
| | | |

Edubox (TM) Your Desktop Tutor

6. Which is not a feature of the traditional approach in Comparative Politics ? (1)
   (i) Normative in character
   (ii) Value-free study
   (iii) Descriptive nature
   (iv) Non-comparative

താരതമ്യ രാഷ്ട്രതന്ത്രത്തിന്റെ പാരമ്പര്യാത്മക സമീപനത്തിന്റെ സ്വഭാവത്തിൽ ഉൾപ്പെടാത്തത് ഏത് ?
   (i) ആദർശാത്മക സ്വഭാവം
   (ii) മൂല്യ രഹിത പഠനം
   (iii) വിവരണാത്മക സ്വഭാവം
   (iv) താരതമ്യ പഠനത്തിന്റെ അഭാവം

7. The changing nature of State activity are expressed below in the form of certain statements. They are not in proper order.
Order them and form into a table.

- Let the individual be free.
- State is a means and not an end in itself.
- Trickle down principle of growth and development.
- State is an agency to transform society.
- Inflow of foreign capital.
- That State is the best State which functions very least.
- State is a Protector, Regulator, Promoter and Manager.
- State is the biggest employer.
- Effective integration of States through free-market economies.

| Laisses faire/individualism | Welfare State | Globalization |
|---|---|---|
| • Let the individual be free<br>•<br>• | • State is an agency to transform society<br>•<br>• | • Inflow of foreign capital<br>•<br>• |

(3)

രാഷ്ട്രത്തിന്റെ മാറി വരുന്ന സ്വഭാവ വിശേഷങ്ങളിലേയ്ക്കുള്ള സൂചകങ്ങളാണ് താഴെ കൊടുത്തിട്ടുള്ളത്. അവ ക്രമമായി താഴെ ചിട്ടപ്പെടുത്തി ടേബിളിൽ ഉൾക്കൊള്ളിക്കുക.

- വ്യക്തിയെ സ്വതന്ത്രമായി വിടുക.
- രാഷ്ട്രം ഒരു മാർഗ്ഗം മാത്രമാണ് ലക്ഷ്യമല്ല.
- വികസനത്തിന്റെയും, വളർച്ചയുടെയും കിനിഞ്ഞിറങ്ങൽ/ ഇറ്റു വീഴൽ (trickle down) സമീപനം.
- സമൂഹത്തിനെ രൂപാന്തരപ്പെടുത്തുന്ന സ്ഥാപനമാണ് രാഷ്ട്രം.
- വിദേശ മൂലധനത്തിന്റെ കടന്നുവരവ്.
- ഏറ്റവും കുറച്ച് പ്രവർത്തിക്കുന്ന രാഷ്ട്രമാണ് ഏറ്റവും നല്ല രാഷ്ട്രം.
- രാഷ്ട്രം സംരക്ഷകനും (protector), നിയന്ത്രിതാവും (regulator), പ്രോൽസാഹിതനും (promoter), മേൽ നോട്ടക്കാരനും (manager) ആണ്.
- രാഷ്ട്രം ഏറ്റവും വലിയ തൊഴിൽ ദാതാവാണ്.
- സ്വതന്ത്ര വ്യാപാര സമ്പദ്ഘടനയിലൂടെ രാഷ്ട്രങ്ങളുടെ ഏകീകരണം/ സംയോജനം.

| വ്യക്തിവാദ സിദ്ധാന്തം | ക്ഷേമ രാഷ്ട്രം | ആഗോളവൽക്കരണം |
|---|---|---|
| • വ്യക്തിയെ സ്വതന്ത്രമായി വിടുക<br>•<br>• | • സമൂഹത്തിനെ രൂപാന്തരപ്പെടുത്തുന്ന സ്ഥാപനമാണ് രാഷ്ട്രം.<br>•<br>• | • വിദേശ മൂലധനത്തിന്റെ കടന്നുവരവ്<br>•<br>• |

8. A discussion was arranged in the class on Political Socialization. One of the participants commented "Political Socialization is a continuous process of learning to which every one becomes a part".

Another participant observed, "Political Socialization is study of what, when and how people learn about politics".

A third participant observed that "It is a process by which political cultures are formed, maintained and changed."

Do you agree with the above opinions ? Express your reasons. Also try to express the linkage between Political Socialization and Political Culture. (4)

ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുകയുണ്ടായി. രാഷ്ട്രീയ സാമൂഹ്യവൽക്കരണം (Political Socialisation) എന്നതായിരുന്നു വിഷയം. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഒരു വിദ്യാർത്ഥി ഇങ്ങനെ അഭിപ്രായപ്പെട്ടു "എല്ലാപേരും പങ്കാളികളാകുന്ന ഒരു തുടർപഠന പ്രക്രിയയാണ് രാഷ്ട്രീയ സാമൂഹ്യവല്ക്കരണം."

മറ്റൊരു വിദ്യാർത്ഥി അഭിപ്രായപ്പെട്ടു "രാഷ്ട്രീയത്തെ സംബന്ധിച്ച് എന്ത്, എപ്പോൾ, എങ്ങനെ എന്ന അറിവാണ് രാഷ്ട്രീയ സാമൂഹ്യവല്ക്കരണം."

മൂന്നാമതൊരാൾ അഭിപ്രായപ്പെട്ടത്, "രാഷ്ട്രീയ-സാമൂഹ്യവല്ക്കരണം എന്നത് രാഷ്ട്രീയ സംസ്ക്കാരം രൂപപെടുത്തുന്നതും, നിലനിർത്തുന്നതും മാറ്റത്തിന് വിധേയമാക്കുന്നതുമായ ഒരു പ്രക്രിയയാണ്."

മേൽ വിവരിച്ച അഭിപ്രായങ്ങളോട് നിങ്ങൾ യോജിക്കുന്നുണ്ടോ ? കാരണം വ്യക്തമാക്കുക. രാഷ്ട്രീയ സാമൂഹ്യവല്ക്കരണവും, രാഷ്ട്രീയ സംസ്ക്കാരവും തമ്മിലുള്ള ബന്ധം എന്താണെന്നും വ്യക്തമാക്കുക.

Edubox Your Desktop Tutor

9. The table below shows certain theories of representation, their major exponents and their basic principles. The table is not in the exact form. Rearrange it into proper form.

| Theory | Thinker | Principle |
|---|---|---|
| Authoritarian Theory | Mosca | Legislature must represent the will of the people and based on the principle of equality |
| Radical Theory | John Locke | Representatives are elites and are agents of social change. |
| Mirror Theory | Rousseau | The role and authority of the ruler is to be emphasized and recognized. |
| Elitist Theory | Thomas Hobbes | Popular Sovereignty through Direct participation of people. |

(4)

ചില പ്രാതിനിധ്യ സിദ്ധാന്തങ്ങളും അവയുടെ മുഖ്യ വക്താക്കളും അടിസ്ഥാന തത്വങ്ങളുമാണ് താഴെ പട്ടികയിൽ ഉള്ളത്. അവ ചേരുംപടി ചേർത്ത് പട്ടിക ശരിയാക്കുക.

| സിദ്ധാന്തം | ചിന്തകൾ | തത്വങ്ങൾ |
|---|---|---|
| പ്രാമാണികതാ സിദ്ധാന്തം (Authoritarian Theory) | മോസ്ക | സമത്വത്തിൽ അധിഷ്ഠിതമായി ജനങ്ങളുടെ ഇച്ഛ പ്രതിനിധാനം ചെയ്യുക എന്നതാണ് നിയമ നിർമ്മാണ സഭയുടെ ധർമ്മം |
| മൗലിക സിദ്ധാന്തം (Radical Theory) | ജോൺ ലോക്ക് | പ്രതിനിധികൾ വരേണ്യരായിരിക്കണം, അവർ സമൂഹമാറ്റത്തിന്റെ വക്താക്കളായിരിക്കണം |
| ദർപ്പണ തത്വം (Mirror Theory) | റൂസ്സോ | ഭരണ കർത്താവിന്റെ അധികാരവും, പങ്കും അംഗീകരിക്കുകയും ഉയർത്തിക്കാട്ടുകയും വേണം |
| വരേണ്യ തത്വം (Elitist Theory) | തോമസ് ഹോബ്സ് | ജനങ്ങളുടെ പ്രത്യക്ഷ പങ്കാളിത്തത്തോടെയുള്ള ജനകീയ പരമാധികാരം |

10. One of the following statements is not belonging to Marxism. Identify.

(i) Collective Ownership

(ii) Class Struggle

(iii) Stateless and Classless Society

(iv) Repudiation of Equality (1)

താഴെ കൊടുത്തിരിക്കുന്നവയിൽ ഒന്ന് മാർക്സിസത്തിന്റെ തത്വങ്ങളോട് യോജിച്ചതല്ല. അത് ഏതാണെന്ന് തിരിച്ചറിയുക.

(i) കൂട്ടായ ഉടമസ്ഥത

(ii) വർഗ്ഗ സമരം

(iii) രാഷ്ട്രരഹിത വർഗ്ഗരഹിത സമൂഹം

(iv) സമത്വത്തിന്റെ നിരാകരണം

Edubox Your Desktop Tutor

11. In connection with "Gandhi Jayanthi" celebrations, a seminar was conducted in the school on "Gandhian Principles". One of the resource persons, in his presentation commented :

"Gandhism and Marxism are two contradictory ideals, but there are some points on which Gandhism and Marxism have agreement."

Can you identify such points of agreement on the following conceptions ?

Give your reasons :

(i) Concept on State

(ii) Concept on Labour (7)

ഗാന്ധി ജയന്തിയാഘോഷത്തോടനുബന്ധിച്ച് ഗാന്ധിയൻ തത്വങ്ങളെ ആസ്പദമാക്കി ഒരു സെമിനാർ സ്കൂളിൽ സംഘടിപ്പിക്കുകയുണ്ടായി. അതിൽ പങ്കെടുത്ത ഒരു വിദഗ്ധൻ പറഞ്ഞ അഭിപ്രായം നോക്കൂ.

"ഗാന്ധിസവും, മാർക്സിസവും, വിപരീതകളുള്ള രണ്ട് ആശയ ഗതികളാണ്. എന്നാൽ ചില കാര്യങ്ങളിൽ ഇവ തമ്മിൽ യോജിപ്പുണ്ടാകുന്നുണ്ട്."

താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങളിൽ അത്തരം യോജിപ്പ് നിങ്ങൾക്ക് കാണുവാനാകുമോ ? നിങ്ങളുടെ നിഗമനങ്ങൾ എഴുതുക.

(i) രാഷ്ട്രത്തെ സംബന്ധിച്ച കാഴ്ചപ്പാട്.

(ii) തൊഴിൽ സംബന്ധിച്ച കാഴ്ചപ്പാട്.

12. A discussion on "Electoral Reforms" was taken place in the class. Raju said "The power of Election Commission is to be strengthened to conduct free and fair elections in India."

Sheela added : "Not only the Election Commission but also the Political Parties have to play an important role in making elections free and fair".

The teacher intervened and commented.

"The health of a democracy depends on the choice of representatives and leaders which in turn is directly linked to the way elections are conducted. Communalisation and Criminalisation of politics, influence of money power and muscle power in elections etc., are to be restricted."

What is your opinion on the above discussions ? Can you identify and enlist the major challenges to free and fair elections in India ? **(4)**

തെരഞ്ഞെടുപ്പ് പരിഷ്ക്കാരങ്ങളെ സംബന്ധിച്ച് ക്ലാസ്സിൽ ഒരു ചർച്ച സംഘടിപ്പിക്കുകയുണ്ടായി. ചർച്ചയിൽ രാജു പറഞ്ഞു : "സ്വതന്ത്രവും, നീതി പൂർവ്വകവുമായ തെരഞ്ഞെടുപ്പ് നടത്തുവാനായി ഇന്ത്യയിലെ തെരഞ്ഞെടുപ്പ് കമ്മീഷനെ ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്."

ഷീല കൂട്ടിച്ചേർത്തു : "തെരഞ്ഞെടുപ്പ് കമ്മീഷന് മാത്രമല്ല രാഷ്ട്രീയ പാർട്ടികൾക്കും തെരഞ്ഞെടുപ്പ് സംശുദ്ധവും, സ്വതന്ത്രവുമാക്കുന്നതിൽ നല്ല പങ്കു വഹിക്കുവാനുണ്ട്."

ചർച്ചയിൽ മോഡറേറ്ററായിരുന്ന ക്ലാസ്സ് ടീച്ചർ ഇടപെട്ടു പറഞ്ഞു : "ഒരു ജനാധിപത്യത്തിന്റെ ആരോഗ്യകരമായ നിലനില്പ് അതിന്റെ ജനപ്രതിനിധികളുടെയും നേതൃത്വത്തിന്റെയും തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടിരിക്കുന്നു. അവരുടെ തെരഞ്ഞെടുപ്പാകട്ടെ തെരഞ്ഞെടുപ്പ് രീതിയുമായി കടപ്പെട്ടിരിക്കുന്നു. രാഷ്ട്രീയത്തിന്റെ കുറ്റകൃത്യവല്ക്കരണം സാമുദായവല്ക്കരണം, പണത്തിന്റെയും, പേശീബലത്തിന്റെയും ദുഃസ്വാധീനം എന്നിവ ശക്തമായി തടയേണ്ടതുണ്ട്."

മുകളിൽ നടന്ന ചർച്ചയിലെ അഭിപ്രായങ്ങളെപ്പറ്റി നിങ്ങളുടെ നിലപാടെന്താണ് ? സംശുദ്ധമായ തെരഞ്ഞെടുപ്പിന് തടസ്സമായി നില്ക്കുന്ന ഘടകങ്ങളെ തിരിച്ചറിയുകയും, പട്ടികപ്പെടുത്തുകയും ചെയ്യുക.

13. Pick the 'Odd ones' out with reference to voting right.

(a) Non-residents
(b) Criminals
(c) Un-soundness of mind
(d) Non-political men
(e) Corrupted persons
(f) Civil servants (1)

Answer : (i) ....................

(ii) ....................

വോട്ടവകാശവുമായി ബന്ധപ്പെട്ട ചില കാര്യങ്ങളാണ് താഴെ കൊടുത്തിട്ടുള്ളത്. അതിൽപെടാത്ത രണ്ടു കാര്യങ്ങളുണ്ട്. ഏതെല്ലാം ?

(a) രാജ്യത്ത് താമസക്കാരനല്ലാത്തയാൾ
(b) കുറ്റവാളികൾ
(c) മാനസിക തകർച്ചയുള്ളവർ
(d) രാഷ്ട്രീയമില്ലാത്തവർ
(e) അഴിമതിക്കാരായ വ്യക്തികൾ
(f) സർക്കാർ ഉദ്യോഗസ്ഥർ

ഉത്തരം : (i) ....................

(ii) ....................

14. Observe the following news :

* Party decided to put candidates in all the Constituencies of Assembly election.
* The coir workers of Allappuzha District led by ______ party organized a mass rally to protest against governments' anti-labour policies. They raised slogans to raise their minimum wage".
* The opposition protested and staged a walk out from Lok Sabha governments' anti-people policies.
* Party State Secretary addressed a massive rally at New Delhi and in it he expressed party's attitude towards recent political issues.

Political parties in modern democracies have to play manifold functions. Based on the above news, identify the important functions political parties have to perform in a society. (4)

താഴെ കൊടുത്തിരിക്കുന്ന പത്രവാർത്തകൾ നിരീക്ഷിക്കുക.

* ... വരുന്ന അസംബ്ലി തെരഞ്ഞെടുപ്പിൽ എല്ലാ മണ്ഡലങ്ങളിലും സ്ഥാനാർത്ഥികളെ നിർത്തുവാൻ .... പാർട്ടി തീരുമാനിച്ചു.
* "ആലപ്പുഴ ജില്ലയിലെ കയർ തൊഴിലാളികൾ ... പാർട്ടിയുടെ നേതൃത്വത്തിൽ വമ്പൻ റാലി സംഘടിപ്പിച്ചു. ഗവണ്മെന്റിന്റെ തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ പ്രതിഷേധിച്ചുകൊണ്ടാണ് റാലി സംഘടിപ്പിച്ചത്. തൊഴിലാളികളുടെ കുറഞ്ഞ കൂലി വർദ്ധിപ്പിക്കണമെന്നവർ ആവശ്യപ്പെട്ടു."
* ഗവണ്മെന്റിന്റെ ജനവിരുദ്ധ നയങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് പ്രതിപക്ഷം ലോക് സഭ ബഹിഷ്ക്കരിച്ചു.
* സമകാലീന രാഷ്ട്രീയ സംഭവ വികാസങ്ങളിൽ പാർട്ടിയുടെ നയം വ്യക്തമാക്കിക്കൊണ്ട് പാർട്ടി ദേശീയ സെക്രട്ടറി ഡൽഹിയിൽ വമ്പിച്ച ജനാവലിയെ അഭിസംബോധന ചെയ്തു സംസാരിച്ചു.

രാഷ്ട്രീയ പാർട്ടികൾക്ക് ആധുനിക സമൂഹത്തിൽ നിരവധി കർത്തവ്യങ്ങൾ നിർവഹിക്കുവാനുണ്ട്. മുകളിൽ കൊടുത്തിട്ടുള്ള പത്ര വാർത്തകളുടെ അടിസ്ഥാനത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയുടെ മുഖ്യ കർത്തവ്യങ്ങൾ (functions) വ്യക്തമാക്കുക.

15. A few hints on the points of distinction between political parties and interest groups are given below. Make a preliminary seminar note for the forthcoming seminar in your class on the topic. Give a suitable title also.

(1) Limited interest Vs. Broader interest.

(2) Exercises governmental power Vs. Influence from outside.

(3) Formal part of Political System Vs. Informal part of Political system.

(4) Specific objectives Vs. National objectives.

(5) Recognized and Open Vs. Closed and Unrecognized. **(4)**

രാഷ്ട്രീയ പാർട്ടികളും, താല്പര്യ ഗ്രൂപ്പുകളും തമ്മിലുള്ള വ്യത്യാസം സൂചിപ്പിക്കുന്ന ചില സൂചനകളാണ് താഴെ ലിസ്റ്റ് ചെയ്തിട്ടുള്ളത്. നിങ്ങളുടെ ക്ലാസ്സിൽ ഈ വിഷയത്തിൽ നടത്താൻ പോകുന്ന സെമിനാറിനായി ഒരു 'പ്രാഥമിക കുറിപ്പ്' തയ്യാറാക്കുക. ഒരു യോജിച്ച അടിക്കുറിപ്പും നല്കുക.

(1) പരിമിത താല്പര്യങ്ങൾ Vs. വിശാല താല്പര്യങ്ങൾ

(2) ഭരണാധികാരം കൈയ്യാളുന്നു Vs. പുറത്തുനിന്നും സ്വാധീനിക്കുന്നു

(3) രാഷ്ട്രീയ വ്യവസ്ഥയുടെ ഔപചാരിക ഭാഗം Vs. രാഷ്ട്രീയ വ്യവസ്ഥയുടെ അനൗപചാരിക ഭാഗം

(4) സങ്കുചിത ലക്ഷ്യങ്ങൾ Vs. ദേശീയ താല്പര്യങ്ങൾ

(5) അംഗീകൃതവും തുറന്നതും Vs. അംഗീകാരരഹിതവും ഗോപ്യവും

16. A few hints on the features of Indian Planning are given below. Prepare an analytical note on the achievements and failures of Indian Planning with the help of the given features.

Achievements → Self-sufficiency in food production – Industrial prosperity – Modernization – Banking – Insurance – Education – Transportation – Communication – Technological progress.

Failures → Centralized planning – Poverty – Unemployment – Social injustices – Illiteracy – Lack of people's participation. **(6)**

ഇന്ത്യൻ ആസൂത്രണം സംബന്ധിച്ച ചില സൂചകങ്ങൾ താഴെ കൊടുത്തിട്ടുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തി ഇന്ത്യൻ ആസൂത്രണത്തിന്റെ ഗുണ ദോഷങ്ങളെ വിവരിച്ചുകൊണ്ട് ഒരു വിമർശനക്കുറിപ്പ് തയ്യാറാക്കുക.

നേട്ടങ്ങൾ → ഭക്ഷ്യോല്പാദനത്തിൽ സ്വയം പര്യാപ്തി – വ്യാവസായിക പുരോഗതി – ആധുനികവല്ക്കരണം – ബാങ്കിംഗ് – ഇൻഷുറൻസ് – വിദ്യാഭ്യാസം – ഗതാഗതം – വാർത്താ വിനിമയം – സാങ്കേതിക പുരോഗതി.

കോട്ടങ്ങൾ → കേന്ദ്രീകൃത ആസൂത്രണം – ദാരിദ്ര്യം – തൊഴിലില്ലായ്മ – സാമൂഹ്യ അനീതികൾ – നിരക്ഷരത – ജന പങ്കാളിത്തമില്ലായ്മ.

17. A few important Constitutional Provisions and Governmental Schemes launched in India towards the upliftment of weaker sections and women are given below :

Identify them and prepare a table as follows :

| SC/ST & OBC | Women |
|---|---|
| • | • |
| • | • |
| • | • |
| • | • |

Sachhar Committee

Dr. Ambedkar Foundation

National Commission for Women

Electoral Reservation (73rd Amendment)

B.P. Mandal Commission

Central Social Welfare Board

DWCRA

TSP & SCP (4)

പിന്നോക്ക സമുദായങ്ങളിലെ ജനങ്ങളുടെയും, സ്ത്രീജനങ്ങളുടെയും ഉന്നമനത്തിനായി ഇന്ത്യയിൽ നടപ്പിലാക്കിയ ചില സ്കീമുകളും, പരിപാടികളുമാണ് താഴെ കൊടുത്തിട്ടുള്ളത്. അവ തരം തിരിച്ച് പട്ടികയാക്കുക :

| പട്ടിക ജാതി/പട്ടിക വർഗ്ഗം/മറ്റ് പിന്നോക്ക വിഭാഗം | സ്ത്രീകൾ |
|---|---|
| • | • |
| • | • |
| • | • |
| • | • |

സച്ചാർ കമ്മിറ്റി

ഡോ. അബേദ്കർ ഫൗണ്ടേഷൻ

ദേശീയ വനിതാ കമ്മീഷൻ

തെരഞ്ഞെടുപ്പിൽ റിസർവേഷൻ (73-ാം ഭരണ ഘടനാ ഭേദഗതി)

ബി. പി. മണ്ഡൽ കമ്മിറ്റി

കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ്

ഡി.ഡബ്ല്യൂ.സി.ആർ.എ.

റ്റി.എസ്.പി. & എസ്.സി.പി.

Edubox
Your Desktop Tutor

18. An expert opinion :

"India is the largest Democracy in Asia. But, Indian Democracy is faced with manifold challenges like Communalism, Regionalism, Criminalization of Politics, Multiplicity of political parties etc."

Do you agree with this opinion ? Give your reasons. (3)

ഒരു വിദഗ്ധ അഭിപ്രായം ശ്രദ്ധിക്കുക.

"ഏഷ്യയിലെ ഏറ്റവും വലിയ ജനാധിപത്യ രാഷ്ട്രമാണ് ഇന്ത്യ. എന്നാൽ ഇന്ത്യൻ ജനാധിപത്യം നിരവധി വെല്ലുവിളികളെ നേരിടുകയാണ്. സാമുദായിക വാദങ്ങൾ, പ്രാദേശിക വാദം, രാഷ്ട്രീയത്തിന്റെ ക്രിമിനൽവല്ക്കരണം, രാഷ്ട്രീയ പാർട്ടികളുടെ ബാഹുല്യം തുടങ്ങിയവയാണ് ചില പ്രധാന വെല്ലുവിളികൾ."

നിങ്ങൾ ഈ നിലപാടിനോട് യോജിക്കുന്നുണ്ടോ ? കാരണം വ്യക്തമാക്കുക.

19. A few 'News headlines in Dailies' are given below :

| |
|---|
| "India deviates from her Historic Policies of Non-Alignment." |
| "India goes for Pragmatism in her Foreign Policy" |
| India's Foreign Policy at Cross Roads : Imperialism or Anti-imperial ? |
| India subdued to the U.S. Hegemony |

What is your comment on the context of the above captions ? Do you think India's Foreign Policy has undergone change ? Give your reasons. **(6)**

വാർത്താ മാധ്യമങ്ങളിൽ വന്ന ചില തലക്കെട്ടുകൾ ചുവടെ ചേർക്കുന്നു :

| |
|---|
| "ഇന്ത്യ അതിന്റെ ചരിത്രപരമായ ചേരിചേരാ നയത്തിൽ നിന്നും വ്യതിചലിക്കുന്നു." |
| "വിദേശ നയത്തിൽ പ്രായോഗിക സമീപനത്തിലേയ്ക്ക്" |
| ഇന്ത്യയുടെ വിദേശ നയം വഴിത്തിരിവിൽ : സാമ്രാജ്യത്വമോ, സാമ്രാജ്യത്വ വിരുദ്ധമോ ? |
| ഇന്ത്യ അമേരിക്കൻ മേൽക്കോയ്മയ്ക്ക് കീഴടങ്ങി |

മേൽ കാണുന്ന തല വാചകങ്ങളിലെ വിഷയങ്ങൾ സംബന്ധിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ് ? ഇന്ത്യയുടെ വിദേശ നയത്തിൽ മാറ്റം വന്നതായി നിങ്ങൾക്ക് അഭിപ്രായമുണ്ടോ ? കാരണം വ്യക്തമാക്കുക.

20. As you know, the Chinese Premier visited India very recently to discuss with his counterpart in India on various matters of mutual co-operation. During the days of his visit some media raised some queries which are quoted below :

"Can the slogan of India-China Bhai, Bhai raise again ?
"Will the 'Panchsheel' work again ?
"Can Indo-China issue on Tibet be settled amicably ?"

Observe the queries of the media and make a comment of your own. **(4)**

Edubox
Your Desktop Tutor

നിങ്ങൾ വായിച്ചറിഞ്ഞു കാണുമല്ലോ ചൈനയുടെ പ്രധാന മന്ത്രി കഴിഞ്ഞ മാസം ഭാരതം സന്ദർശിച്ചിരുന്നു. ഇന്ത്യൻ പ്രധാന മന്ത്രിയുമായി ഇരു രാജ്യങ്ങളും തമ്മിലുള്ള പരസ്പര സഹകരണം സംബന്ധിച്ച് ചർച്ച ചെയ്യുവാനാണ് അദ്ദേഹം ഡൽഹിയിൽ എത്തിച്ചേർന്നത്. അദ്ദേഹത്തിന്റെ സന്ദർശന വേളയിൽ ഇന്ത്യൻ മാധ്യമങ്ങളിൽ വന്ന ചില തലവാചകങ്ങൾ ചോദ്യരൂപത്തിലായിരുന്നു :

"ചൈന-ഇന്ത്യ ഭായി ഭായി മുദ്രാവാക്യം ഇനിയും ഉയരുമോ ?"

"പഞ്ചശീല തത്വങ്ങൾ വീണ്ടും പ്രസക്തമാകുമോ ?"

"തിബറ്റ് സംബന്ധിച്ച ഇന്തോ-ചൈന തർക്കം സമാധാനപരമായി പരിഹരിക്കപ്പെടുമോ ?"

മേൽ സൂചിപ്പിച്ച തലവാചകങ്ങളിലെ സംശയങ്ങൾ പരിശോധിച്ചു നോക്കൂ. നിങ്ങളുടേതായ അഭിപ്രായം രേഖപ്പെടുത്തുക.

21. Discussions in the classroom on Indo-U.S. relations have brought the following comments from the participants.

"There is significant changes in the U.S. attitude towards India in the post-cold war era."

"India's policy change from State controlled economy to open market economy have brought some U.S. leniency towards India".

"Indo-U.S. agreement for cooperation and for collective move against terrorism."

Do you agree with the above comments ? Give your reasons. **(4)**

ഇന്തോ-അമേരിക്കൻ ബന്ധങ്ങൾ സംബന്ധിച്ച് ക്ലാസ്സിൽ നടത്തിയ ചർച്ചയിൽ താഴെപ്പറയുന്ന അഭിപ്രായങ്ങൾ ഉയർന്നു വരികയുണ്ടായി.

"ശീത യുദ്ധാനന്തര കാലഘട്ടത്തിൽ ഇന്ത്യയോടുള്ള അമേരിക്കൻ നിലപാടിൽ പ്രകടമായ മാറ്റം ഉണ്ടായിട്ടുണ്ട്."

"ഇന്ത്യയുടെ രാഷ്ട്രനിയന്ത്രിത സമ്പദ്‌വ്യവസ്ഥയിൽ നിന്നും കമ്പോള സമ്പദ്‌വ്യവസ്ഥയിലേയ്ക്കുള്ള മാറ്റം അമേരിക്കയുടെ ഇന്ത്യയോടുള്ള നിലപാടിൽ കുറെ ചായ്‌വുണ്ടാക്കുവാനിടയായിട്ടുണ്ട്."

"ഇന്ത്യയും അമേരിക്കയും ഭീകരവാദത്തിനെതിരെ ഒന്നിച്ചു നിൽക്കുവാനുള്ള ധാരണ."

മേൽ വിവരിച്ച അഭിപ്രായ പ്രകടനങ്ങളോടുള്ള നിങ്ങളുടെ നിലപാട് എന്താണ് ? സാധൂകരിക്കുക.

22. The following are the basic objectives of the UNO :

(i) To maintain international peace and security.

(ii) To develop friendly relations among nations.

(iii) To co-operate internationally in solving international economic, social and humanitarian problems and in promoting respect for human rights and fundamental freedoms

(iv) To be a centre for harmonising the actions of nations in attaining these common ends.

Assess the role of India in the realisation of these objectives. **(3)**

യു.എൻ.ഓ.-യുടെ അടിസ്ഥാന തത്വങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത് :

(i) ലോക സമാധാനവും സുരക്ഷിതത്വവും നിലനിർത്തുക.

(ii) രാജ്യങ്ങൾ തമ്മിൽ സൗഹാർദ്ദപരമായ ബന്ധങ്ങൾ വളർത്തുക.

(iii) അന്താരാഷ്ട്ര സാമൂഹ്യ, സാമ്പത്തിക, മാനവിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സഹകരിക്കുകയും, മനുഷ്യാവകാശവും, മൗലികാവകാശങ്ങളും ഉയർത്തിപ്പിടിക്കുന്നതിൽ സഹകരിക്കുകയും ചെയ്യുക.

(iv) ഈ പൊതു ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങളിൽ ഒരു കേന്ദ്രമായി വർത്തിക്കുക.

ഈ അടിസ്ഥാന ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ ഇന്ത്യയുടെ സംഭാവന എന്തൊക്കെയാണെന്ന് തിട്ടപ്പെടുത്തുക.

Edubox Your Desktop Tutor

23. Listen the media reports :

> COLOMBO : The Srilankan Military on Thursday claimed that at least 478 persons including 78 soldiers and 400 cadres of the Liberation Tigers of Tamil Eelam (LTTE) were killed in a five-hour battle in the Jaffna Peninsula
>
> : Staff Reporter

> JAMMU : Thirteen Indian Military men and 21 civilians were killed in an attack of terrorists on Monday at Indo-Pak Border. Al Queda claimed the responsibility of the attack
>
> : PTI

> Bagdad : In renewed violence, gunmen killed 21 Shias on Saturday at tit-for-tat violence raged across Iraq. Fearful Iraqis spent sleepless nights guarding their homes and mosques from the worst bomb attacks since the U.S. invasion.
>
> : AP, DPA

Terrorism is the worsest fate faced by human civilization in the present century. Comment on terrorism and suggest valuable remedies for their prevention. **(4)**

പത്ര വാർത്ത ശ്രദ്ധിക്കൂ :

> കൊളംബോ : 78 പട്ടാളക്കാരും 400 എൽ.ടി.ടി.ഇ. പ്രവർത്തകരും ഉൾപ്പെടെ 478 പേർ ജാഫ്നയിൽ 5 മണിക്കൂർ നീണ്ടുനിന്ന യുദ്ധത്തിൽ വധിക്കപ്പെട്ടതായി ശ്രീലങ്കൻ പട്ടാളം വ്യാഴാഴ്ച അവകാശപ്പെട്ടു.
>
> : സ്റ്റാഫ് റിപ്പോർട്ടർ

> ജമ്മു: തിങ്കളാഴ്ച അതിർത്തിയിൽ ഉണ്ടായ ഭീകരാക്രമണത്തിൽ 13 ഇന്ത്യൻ പട്ടാളക്കാരും, 21 സാധാരണ ജനങ്ങളും കൊല്ലപ്പെട്ടു. ഇതിന്റെ ഉത്തരവാദിത്വം തങ്ങൾക്കാണെന്ന് അൽ-ഖൊയ്ദ അവകാശപ്പെട്ടു.
>
> : പി. റ്റി. ഐ

> ബാഗ്ദാദ് : വീണ്ടും ശക്തിയാർജ്ജിച്ച ആക്രമണങ്ങളിൽ യന്ത്ര തോക്കുധാരികളായ തീവ്രവാദികളുടെ വെടിയേറ്റ് ശനിയാഴ്ച 21 ഷിയാസുകൾ വധിക്കപ്പെട്ടു. ഇറാക്കിൽ പടർന്നുപിടിക്കുന്ന ആക്രമണങ്ങളുടെയും, പകരം വീട്ടലുകളുടെയും തുടർച്ചയാണ് ഈ സംഭവം. പരിഭ്രാന്തരായ ഇറാക്കികൾ തങ്ങളുടെ വീടുകളും, പള്ളികളും ക്രൂരമായ ബോംബാക്രമണത്തിൽ നിന്ന് രക്ഷിക്കാൻ ഉറക്കമൊഴിഞ്ഞിരിക്കുകയാണ്. അമേരിക്കൻ അധിനിവേശം മുതൽ നിരന്തരമായി മാറുന്ന സംഭവമാണിത്.
>
> : AP, DPA

ഈ നൂറ്റാണ്ടിൽ ജനങ്ങൾ നേരിടുന്ന ഏറ്റവും ക്രൂരമായ ഒരു സാമൂഹ്യ തിന്മയാണ് ഭീകരപ്രവർത്തനങ്ങൾ. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് നിങ്ങൾക്ക് നൽകാനുള്ളത് ? ഒരു കുറിപ്പ് തയ്യാറാക്കുക.